## 20

*രീതി: പാടിപുകഴ്ത്തിടാം*

1 വാഴ്ത്തി പുകഴ്ത്തുമെന്നേശു നാഥനെ
വീണു നമസ്കരിച്ചടിയൻ
നിത്യജീവൻ തന്നു ദൈവപുത്രനാക്കിത്തീർത്ത
സ്നേഹമോർത്തു ഞാൻ

ജീവനാഥനേശുവെ എൻജീവകാലം വാഴ്ത്തും ഞാൻ
ഹല്ലെലുയ്യ ഗീതം എന്നും പാടി സ്തുതിച്ചിടും ഞാൻ

2 പാപം നിറഞ്ഞുള്ളതാകും പാതയിൽ
ഞാനലഞ്ഞുലഞ്ഞു പോകവേ
തേടിവന്നുവന്നെ നേടി ജീവമാർഗ്ഗേ
ചേർത്ത നല്ലിടയൻ താൻ

3 ചത്ത നായ് സമമായൊരെന്നെയും
രക്തം ചിന്തി വീടെടുത്തതാൽ
ചിത്തം നന്ദിയാൽ നിറഞ്ഞു തൃപ്പാദത്തിൽ വീണു
മുത്തം ചെയ്യും ഞാൻ -

4 നിത്യശിക്ഷാവിധി നീങ്ങി പൂർണ്ണമാം
പ്രത്യാശയിലായെൻ ജീവിതം
ക്രിസ്തു നായകിനിലായ നാൾ മതുൽ ഹാ ! എത്ര
ധന്യനായി ഞാൻ -

5 ഇന്നു പാരിൽ പരദേശിയായി ഞാൻ
പാർക്കുമെൻ രക്ഷകൻ സാക്ഷിയായി
അന്നു ദിവ്യാനന്ദം പൂു പ്രിയനൊത്തു വിണ്ണി
ലെന്നും വാഴും ഞാൻ - **G.P.**